LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന തലത്തിൽ ഒരു ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിക്കും. ജില്ലാതലത്തിലും ജൈവ കൃഷിക്കുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തും. ഈ പ്രവർത്തനങ്ങൾക്ക് ഇതുവരെ ആത്മാർത്ഥമായ സഹകരണം നൽകിയ മുഴുവൻ ജനപ്രതിനിധികളോടും തദ്ദേശവാസികളോടും മറ്റുള്ളവരോടും സർക്കാരിന്റെ നന്ദി അറിയിക്കുന്നു. തുടർപ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## X റൂളിംഗ്

### ഉത്തരം തിരുത്തിക്കൊണ്ട് പ്രസ്താവന നടത്താൻ അവകാശമുണ്ടെന്നത് സംബന്ധിച്ച്

മി. സ്പീക്കർ : 1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം വസ്തുതാപരമല്ലെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒന്നാണെന്നും അതിനാൽ അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ചെയറിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ചെയർ അയച്ചുകൊടുത്തിരുന്നു. 115-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വസ്തുതാപരമായ പിശക് സംഭവിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരം തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് സഭയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ നൽകുന്ന ഉത്തരത്തിൽ വസ്തുതാപരമായ പിശക് ഉണ്ടായാൽ അത് തിരുത്തുന്നതിന് മന്ത്രിമാർക്ക് ചട്ടപ്രകാരം അവകാശമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം അദ്ദേഹം തിരുത്തി സഭയുടെ മേശപ്പുറത്തുവച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽനടപടികൾ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

## XI നിയമനിർമ്മാണകാര്യം

### 1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം

1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വന്ന പിശക് തിരുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച പ്രസ്താവന

### പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരത്തിൽ തിരുത്ത് വരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്

ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത് ; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എത്ര ;

(സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാ വർഷവും പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2, 4, 6, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തേ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കൻഡറി വിഭാഗത്തിൽ 11-ാം ക്ലാസ്സിലേയ്ക്ക് 59 ഇനവും 12-ാം ക്ലാസ്സിലേക്ക് 65 ഇനവും പാഠപുസ്തകങ്ങളാണ് ആകെ അച്ചടിക്കേണ്ടത്. ഇതിൽ 11-ാം ക്ലാസ്സിലേക്കാവശ്യമായ സി.ഡി.-കൾ

എല്ലാം തന്നെ സി-ആപ്റ്റ്-ന് നൽകിയിട്ടുണ്ട്. 12-ാം ക്ലാസ്സിലേക്കുള്ള 62 സി.ഡി.-കൾ മാത്രമേ നൽകിയിട്ടുള്ളൂ. 11-ാം ക്ലാസ്സിലെ പുസ്തക അച്ചടി പൂർത്തിയായിട്ടുണ്ട്. 12-ാം ക്ലാസ്സിലേയ്ക്ക് നൽകിയ 62 സി.ഡി.-കളിൽ രണ്ടാം ഭാഗം പുസ്തകങ്ങളായ ഫിസിക്സ് പാർട്ട്-2, മാത്ത്സ്-പാർട്ട് കമ്പ്യൂട്ടർ സയൻസ് പാർട്ട് - 2 എന്നീ പുസ്തകങ്ങൾ ഒഴികെ 59 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. 12-ാം ക്ലാസ്സുകളിലെ അക്കൗണ്ടൻസി പാർട്ട്-1, 2 & Themes in Kerala History പാഠപുസ്തകങ്ങളുടേയും അച്ചടി ഇനി പൂർത്തിയാകാനുണ്ട്.

(ബി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800 ആണ്.

(സി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ജൂലൈ 20-നകം അച്ചടി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം കെ.ബി.പി.എസ്.-ന് നൽകിയിട്ടുണ്ട്. ജൂലൈ 31-നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly